"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം - മാർത്തോമ ഇ.എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1258/2022/GEDN    തീയതി,തിരുവനന്തപുരം, 03-03-2022

---

പരാമർശം:-

1. മാർത്തോമ ഇ.എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജരുടെ 22.06.2020 ലെ അപ്പീൽ
2. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 08.11.2021 ലെ ബി4/4012/2021 നമ്പർ കത്ത്
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 10.11.2021 ലെ ഇറ്റി1/11502/2021/ഡിജിഇ നമ്പർ കത്ത്

ഉത്തരവ്

മാർത്തോമ ഇ.എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത പരാമർശം (1) ലെ അപ്പീൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 15.11.2021-ന് കേട്ടു.

മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.

"എ) ഇതേ മാനേജ്മെന്റിന്റെ പരിധിയിലുള്ള ആശ്രമം എച്ച്.എസ്.എസ് പെരുമ്പാവൂർ (കോതമംഗലം ജില്ലാ വിദ്യാഭ്യാസ ആഫീസ്) ൽ 03/06/2013 മുതൽ ശ്രീമതി.ജോയ്സ്.എം. കുര്യാക്കോസിനെ പ്രൊമോഷനിൽ എച്ച്.എസ്.ടി (പി.എസ്) തസ്തികയിൽ നിയമിച്ചിരുന്നു. ടി നിയമനം കോതമംഗലം ജില്ലാ വിദ്യാഭ്യാസ ആഫീസർ താഴെപറയുന്ന കാരണത്താൽ നിരസിച്ചു.

*"2013-2014 ൽ അനുവദിച്ചിരുന്ന എച്ച്.എസ്.ടി (കോർ സബ്ജക്ട്) തസ്തിക '9" ആയിരുന്നു. എന്നാൽ "11" പേർ നിലവിൽ ഉണ്ടായിരുന്നു."*

ഇതിനെതിരെ നൽകിയ അപ്പീലിൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ജോയ്സ്.എം.കുര്യാക്കോസിന്റെ നിയമനം അംഗീകരിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായി.

ബി) ടി സ്കൂളിൽ അനുവദിച്ചതിൽ കൂടുതൽ അദ്ധ്യാപകർ നിലനില്ക്കുവാനുണ്ടായ കാരണം സ.ഉ.(പി) 199/2011/പൊ.വി.വ തീയതി 01/10/2011 ലെ *"Those teachers continuing in service prior to 2010-11 were allowed to continue during subsequent years"* എന്ന വ്യവസ്ഥയും, കൂടാതെ 2010-11 ലെ തസ്തിക 2013-14 വർഷം വരെ അതേ നിലയിൽ നിലനിർത്താനുള്ള സ.ഉ.(പി) 124/14 തീയതി 04/07/2014 ഉത്തരവുമായിരുന്നു. വീണ്ടും ജി.ഒ (പി) 29/16 പ്രകാരം 2011-12 മുതൽ ടി തസ്തിക

നിർണ്ണയം പുന:ക്രമീകരിച്ചപ്പോഴാണ് ചില സ്കൂളുകളിൽ കൂടുതൽ അദ്ധ്യാപകർ നിലനിന്നത്. അവരെയെല്ലാം പിന്നീട് മറ്റു സ്കൂളുകളിൽ അനുവദിക്കപ്പെട്ട തസ്തികയിൽ ക്രമീകരിച്ചിട്ടുമുണ്ട്

സി) കോതമംഗലം ജില്ലാ വിദ്യാഭ്യാസ ആഫീസറുടേയും എറണാകുളം ഡി.ഡി.ഇ യുടെയും മേൽ ഉത്തരവിനെ തുടർന്നാണ്, ശ്രീമതി.ഷീബാ ഏലി ജേക്കബിനെ താഴെ പറയും വിധം എച്ച്.എസ്.ടി (കണക്ക്) ൽ നിന്നും ലാവണ ക്രമീകരണം നടത്തിയത്.

a. 03/06/2013 മുതൽ 14/07/2014 വരെയുള്ള കാലം റിവർട്ട് ചെയ്ത് യു.പി.എസ്.ടി ആയി ആശ്രമം എച്ച്.എസ്.എസ് ൽ 2013-14 ൽ അനുവദിച്ച് ഒഴിഞ്ഞുകിടന്ന അധിക തസ്തികയിൽ (കോതമംഗലം)

b. 15/07/2014 മുതൽ 31/03/2015 വരെ എച്ച്.എസ്.ടി (കണക്ക്) ന്റെ ലാവണം സെന്റ് തോമസ് എച്ച്.എസ്.എസ് കീഴില്ലത്തു നിന്നും കൊട്ടാരക്കര MTGHS ൽ 2014-2015 ൽ അനുവദിച്ച അധിക തസ്തികയിൽ ക്രമീകരിച്ചു.

c. 01/04/2015 മുതൽ തുടർച്ചയായി HST (കണക്ക്) ആയി സെന്റ് തോമസ് എച്ച്.എസ്.എസ് കീഴില്ലത്ത് (കോതമംഗലം) തന്നെ ക്രമീകരിച്ചുനിർത്തി.

ഡി) എന്നാൽ താഴെപറയുന്ന കാരണത്താൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസറും, പൊതുവിദ്യാഭ്യാസ ഡയറക്ടറും 14/07/2014 മുതൽ 31/03/2015 വരെയുള്ള കാലയളവിലെ ലാവണക്രമീകരണം നിരസിച്ചു.

1. *"UPST ആയി റിവേർട്ട് ചെയ്ത ശ്രീമതി. ഷീബ ഏലി ജേക്കബിനെ മുൻകാല പ്രാബല്യത്തോടെ കൊട്ടാരക്കരയിൽ നിയമിച്ചത് അംഗീകരിക്കുവാൻ കഴിയില്ല"*

2. *"ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ തസ്തിക നിർണ്ണയത്തിലെ നിർദ്ദേശത്തിന് എതിരായുള്ള നിയമനമാണ്".*

ഇ) ഈ സന്ദർഭത്തിൽ താഴെ പറയുന്ന വസ്തുതകൾ അറിവിലേക്കായി സമർപ്പിക്കുന്നു.

i) ശ്രീമതി.ഷീബ ഏലി ജേക്കബ് ഒരു സീനിയർ R43 അവകാശിയാണ്. ടിയാളെ 03/06/2013 മുതൽ തുടർച്ചയായി എച്ച്.എസ്.ടി (കണക്ക്) ആയുള്ള കീഴില്ലം സെന്റ് തോമസ് എച്ച്.എസ്.എസ് ലെ നിയമനം കോതമംഗലം ജില്ലാ വിദ്യാഭ്യാസ ആഫീസർ B1/3129/16/K.Dis തീയതി 05/09/2016 പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. അതിനുശേഷം മാത്രമാണ് ഈ ആഫീസിലെ 1/17, 4/17 എന്നീ തീയതികളിലെ ഉത്തരവ് പ്രകാരം മുകളിൽ പറഞ്ഞ രീതിയിൽ ലാവണം ക്രമീകരിച്ചത്. ഇവിടെ മുൻകാല പ്രാബല്യത്തോടെയുള്ള ഒരു പ്രൊമോഷൻ നിയമനം ഇല്ല. ടി അദ്ധ്യാപിക 03/06/2013 മുതൽ 14/07/2014 വരെ കാലയളവിൽ എച്ച്.എസ്.ടി കേഡറിൽ വാങ്ങിയ അധിക ശമ്പളം മാത്രമെ തിരിച്ചടച്ചിട്ടുള്ളൂ. 15/07/2014 മുതൽ എച്ച്.എസ്.ടി ആയി വാങ്ങിയ ശമ്പളം തിരിച്ചടച്ചിട്ടില്ലാത്തതാകുന്നു. അന്നുമുതൽ (15/07/2014) അംഗീകൃത എച്ച്.എസ്.ടി നിയമനം ഉള്ളതാണ്. നേരത്തെ അംഗീകാരം ലഭിച്ച ഒരു നിയമപരമായ R 51A /R43 അവകാശിയുമാണ്.

ii) 2014-2015 ലെ തസ്തിക നിർണ്ണയ ഉത്തരവിന്റെ സമയത്ത് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ MTGHS കൊട്ടാരക്കരയിലെ 15-മത് (അധിക തസ്തികയിലെ HST (കണക്കിന്) എന്തുകൊണ്ട് നിയമനം നടക്കാതെ 16-ാമത് അധിക തസ്തികയിൽ HST (S/S) നിയമനം നടത്തി എന്ന് ആരാഞ്ഞിരുന്നു. ശ്രീമതി ഷീബ ഏലിയെപ്പോലെ തന്നെ ഒരു R43 അവകാശിയെയാണ് 16-ാമത്തെ HST (SS) അധിക തസ്തികയിൽ നിയമിച്ചത്. അത് അംഗീകരിച്ചിട്ടുള്ളതാകുന്നു.

iii) ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ആവശ്യപ്രകാരം താഴെ പറയുംവിധം 21/04/2016 ൽ ഇവിടെ നിന്നും മറുപടി നൽകിയിരുന്നതാണ്.

2014-15 ലെ MTSHS കോട്ടയത്തെ (ഈ മാനേജ്മെന്റിന്റെ തന്നെ) തസ്തിക നിർണ്ണയം ഉത്തരവ് ടി സ്കൂളിലെ കണക്ക് അദ്ധ്യാപികമാരായ ശ്രീമതി.സുജ.പി.വർഗ്ഗീസ്, ശ്രീമതി.ബിജി മാത്യൂ എന്നിവർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 35165/14(U), WP(C) No. 25621/14 എന്നിവയിലെ വിധിന്യായപ്രകാരം സ്റ്റേ ചെയ്തിരുന്നു.

iv) ടി തസ്തിക നിർണ്ണയപ്രകാരം MTSHS കോട്ടയത്ത് അധികം വന്ന ശ്രീമതി.സുജ.പി.വർഗ്ഗീസ് (സ്കൂളിലെ ഏറ്റവും ജൂനിയർ കണക്ക് അദ്ധ്യാപിക) തന്നെ ടീച്ചേഴ്സ് ബാങ്കിലോ മാനേജ്മെന്റിന്റെ മറ്റു സ്കൂളിലേക്കോ മാറ്റുന്നതിനെതിരെയാണ് WP(C) ഫയൽ ചെയ്തിരുന്നത്. (ശ്രീമതി.ബിജി മാത്യുവിനെ പിന്നീട് 1:35 പ്രകാരം അവിടെത്തന്നെ ഡി.ഇ.ഒ നിലനിർത്തിയിരുന്നു) ആയതിനാലാണ് ശ്രീമതി.സുജ.പി.വർഗ്ഗീസിനെ MTGHS കൊട്ടാരക്കരയിലെ അധിക തസ്തികയിലേക്ക് മാറ്റാതിരുന്നത്. ടിയാളുടെ സേവനകാലം 05/2016 വരെ കോട്ടയത്ത് തന്നെ ക്രമീകരിച്ചിട്ടുണ്ട്. ഈ സത്യാവസ്ഥ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ അവരുടെ തസ്തിക നിർണ്ണയ ഉത്തരവിന് വിരുദ്ധമായിട്ടാണ് എന്ന് ശ്രീമതി.ഷീബാ ഏലി ജേക്കബിന്റെ ലാവണ ക്രമീകരണം നിരസിക്കൽ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. പിന്നീട് ശ്രീമതി.സുജ.പി.വർഗ്ഗീസിനെ കുന്നം MTHS ലേക്ക് 6/2016 ൽ മാറ്റിയിട്ടുള്ളതാകുന്നു.

v) ശ്രീമതി.ഷീബ ഏലി ജേക്കബിന്റെ 15/07/2014 മുതൽ 31/03/2015 വരെയുള്ള കാലയളവിലെ HST (കണക്ക്) ലാവണം ക്രമീകരിച്ചു ലഭിക്കാത്തതിനാൽ ടിയാൾ 2009 ശമ്പള പരിഷ്കരണ നിരക്കിലുള്ള ശമ്പളമാണ് ഇപ്പോഴും വാങ്ങുന്നത് എന്ന വസ്തുതയും അറിയിക്കുന്നു. ഈ സാഹചര്യത്തിൽ ടിയാളുടെ മേൽകാലയളവിലെ ലാവണക്രമീകരണം അംഗീകരിച്ച് നൽകുവാൻ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണമെന്ന് അഭ്യർത്ഥിക്കുന്നു.”

2) <u>പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് ചുവടെ ചേർക്കുന്നു</u> .

"എ) ഈ വിഷയവുമായി ബന്ധപ്പെട്ട് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എം.റ്റി & ഇ.എ സ്കൂൾസ്, തിരുവല്ല മാനേജ്മെന്റിന്റെ അധീനതയിലുള്ള എം.റ്റി.ജി.എച്ച്.എസ് കൊട്ടാരക്കരയിലേയ്ക്ക് ശ്രീമതി.ഷീബ ഏലി ജേക്കബിനെ (യു.പി.എസ്.റ്റി) 15/07/14 മുതൽ 31/03/15 വരെ മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകി ടി സ്കൂളിലെ എച്ച്.എസ്.റ്റി (മാത്സ്) ന്റെ അധിക തസ്തികയിലേയ്ക്ക് ലാവണം ക്രമീകരിച്ച് മാനേജർ ഉത്തരവ് നൽകിയിരുന്നു. ടിയാരിയുടെ നിയമനം എച്ച്.എസ്.റ്റി (മാത്സ്) , സെന്റ് തോമസ് എച്ച്.എസ് കീഴില്ലത്ത് 03/06/2013 മുതൽ അംഗീകരിച്ചുത്തരവായിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത അധ്യാപികയേക്കാൾ സീനിയർ ആയ എച്ച്.എസ്.റ്റി (മാത്സ്) അദ്ധ്യാപകർ ക്ക് 2013-14 വർഷത്തിൽ തസ്തിക നഷ്ടപ്പെട്ടതിനാൽ ശ്രീമതി.ഷീബ ഏലി ജേക്കബിനെ യു.പി.എസ്.റ്റി ആയി റിവർട്ട് ചെയ്യുകയും 03/06/13 മുതൽ 14/07/14 വരെ ടിയാരി വാങ്ങിയ എച്ച്.എസ്.റ്റി ശമ്പളം തിരിച്ചടയ്ക്കുകയും ചെയ്തു. തുടർ ന്ന് 15/07/14 മുതൽ 31/03/15 വരെ കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ള എം.റ്റി.ജി.എച്ച്.എസ് കൊട്ടാരക്കരയിലേക്ക് ശ്രീമതി.ഷീബാ ഏലി ജേക്കബിനെ മുൻകാല പ്രാബല്യത്തിൽ എച്ച്.എസ്.റ്റി ആയി പ്രൊമോഷൻ നൽകി ലാവണം ക്രമീകരിച്ചു യു.പി.എസ്.റ്റി ആയി റിവേർട്ട് ചെയ്തതിന് ശേഷം മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകി ലാവണം ക്രമീകരിച്ചുകൊണ്ട് ടി നിയമനം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചു നൽകി.

ബി) 2014-15 വർഷത്തിലെ ടി സ്കൂളിലെ തസ്തിക നിർണയത്തിൽ കോർ വിഷയത്തിൽ 16 തസ്തികകൾ അനുവദിച്ച് നൽകിയിരുന്നു. അതിൽ 2 തസ്തികകൾ അധിക തസ്തികയായിരുന്നു. 15-ാമത്തേത് എച്ച്.എസ്.റ്റി (മാത്സ്), 16-ാമത്തേത് എച്ച്.എസ്.റ്റി (എസ്.എസ്) എന്നിവ. അതിൽ 16-ാമത്തെ എച്ച്.എസ്.റ്റി (എസ്.എസ്) തസ്തികയിൽ യഥാസമയം മാനേജർ നിയമനം നടത്തിയിരുന്നു. ടി കാരണത്താൽ 15-ാമത്തെ അധിക തസ്തികയിൽ മാനേജർ നിയമനം നടത്തിയിരുന്നില്ല. ആയതിനാൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തരുതെന്ന് തസ്തിക നിർണ്ണയ ഉത്തരവിൽ നിർദ്ദേശം നൽകിയിരുന്നു. 15/07/14 മുതൽ 31/05/15 വരെ എം.റ്റി.ജി.എച്ച്.എസ് കൊട്ടാരക്കരയിൽ എച്ച്.എസ്.റ്റി (മാത്സ്)-ന്റെ തസ്തികയിൽ ഒഴിവ് ലഭ്യമാണ്. എന്നാൽ തസ്തിക നഷ്ടപ്പെട്ട റിവർട്ട് ചെയ്ത അദ്ധ്യാപികയെ മാനേജർ മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകിയതിനാലാണ് ടി നിയമനം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചുത്തരവായത്."

<u>കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടു ചുവടെ ചേർക്കുന്നു .</u>

"സി) കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ളതും തിരുവല്ല എം.ടി ആന്റ് ഇ.എ സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അധീനതയിലുള്ളതുമായ പെരുമ്പാവൂർ ആശ്രമം ഹൈസ്കൂളിൽ എച്ച്.എസ്.റ്റി (ഗണിതം) അധ്യാപികയായി നിലവിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.ഷീബ ഏലി ജേക്കബിന്റെ 03/06/2013 മുതലുള്ള ലാവണ ക്രമീകരണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

21/06/2004 മുതൽ യു.പി.എസ്.ടി സേവനത്തിൽ തുടർന്നിരുന്ന ശ്രീമതി.ഷീബ ഏലി ജേക്കബിനെ കീഴില്ലം സെന്റ് തോമസ് എച്ച്.എസ് ലെ എച്ച്.എസ്.ടി (ഗണിതം) അധ്യാപിക ശ്രീമതി.അന്ന മാത്യു 31/03/2013 ൽ വിരമിച്ച ഒഴിവിലേയ്ക്ക് 03/06/2013 മുതൽ എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ മാനേജർ നിയമിക്കുകയും സ.ഉ(പി)29/2016/പൊ.വി.വ തീയതി 29/01/2016 ന്റെ അടിസ്ഥാനത്തിൽ 05/09/2016 ബി1/3129/2016/കെഡിസ് നം. ഉത്തരവ് പ്രകാരം മേൽ നിയമനത്തിന് ഈ കാര്യാലത്തിൽ നിന്നും അംഗീകാരം നൽകുകയും ചെയ്തു.

ഡി) പെരുമ്പാവൂർ ആശ്രമം ഹൈസ്കൂളിൽ 03/06/2013 മുതൽ നിയമിതയായ എച്ച്.എസ്.ടി (പിഎസ്) അധ്യാപിക ശ്രീമതി.ജോയ്സ് എം.കുര്യാക്കോസിന്റെ അപ്പീൽ പരിഗണിച്ച് 13/01/2017 ൽ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ച ബി4/22149/2016/ഡിഡിഇ/കെഡിസ് നം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജർ 01/04/2017 ലെ 1/2016-17, 19/04/2017 ലെ 46/16-17 നമ്പർ ഉത്തരവുകൾ പ്രകാരം ശ്രീമതി.ഷീബ ഏലി ജേക്കബിന്റെ ലാവണം 03/06/2013 മുതൽ 14/07/2014 വരെ പെരുമ്പാവൂർ ആശ്രമം ഹൈസ്കൂൾ 2012-13 വർഷം അനുവദിച്ച അധിക യു.പി.എസ്.ടി തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്ത് ക്രമീകരിക്കുകയും ടിയാരി മേൽ കാലയളവിൽ എച്ച്.എസ്.ടി തസ്തികയിൽ അധികമായി വാങ്ങിയ തുക തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യുന്നു.

ഇ) 25/04/2019 ൽ മാർത്തോമ ഇ.എ സ്കൂൾ കോർപ്പറേറ്റ് ഈ കാര്യാലയത്തിൽ മാനേജർ നൽകിയ അപ്പീലിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ലഭിച്ച റിപ്പോർട്ടു പ്രകാരം 15/12/19-ൽ ഇ.റ്റി1/5229/19 ഉത്തരവ് പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിരസിച്ച് നൽകിയ വിവരം കൂടി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു."

3) മേൽ വിവരിച്ച വസ്തുതകൾ ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ,

ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്നവിധം പരിശോധിച്ചു:-

ഒന്ന്) ശ്രീമതി.ഷീബ ഏലി ജേക്കബിന്റെ 15/07/2014 മുതൽ 31/03/2015 വരെയുള്ള കാലയളവിലെ HST (കണക്ക്) ലാവണം കൊട്ടാരക്കര എം.റ്റി.ജി.ഹൈസ്കൂളിലേയ്ക്ക് ക്രമീകരിച്ചുനൽകുവാൻ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകണമെന്ന അഭ്യർത്ഥനയാണ് മാനേജറുടെ റിവിഷനിലുള്ളത്. ഇതിനു തടസ്സമായി കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ സൂചിപ്പിക്കുന്നത് രണ്ടു കാരണങ്ങളാണ്:-

*i) ടിയാരിയെ യു.പി.എസ്.റ്റി ആയി റിവേർട്ട് ചെയ്തതിന് ശേഷം മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകി ലാവണം ക്രമീകരിച്ചു.*

*ii) 2014-15 വർഷത്തിലെ ടി സ്കൂളിലെ തസ്തിക നിർണയത്തിൽ കോർ വിഷയത്തിൽ 16 തസ്തികകൾ അനുവദിച്ച് നൽകിയിരുന്നു. അതിൽ 2 തസ്തികകൾ അധിക തസ്തികയായിരുന്നു. 15-ാമത്തേത് എച്ച്.എസ്.റ്റി (മാത്സ്), 16-ാമത്തേത് എച്ച്.എസ്.റ്റി (എസ്.എസ്) എന്നിവ. അതിൽ 16-ാമത്തെ എച്ച്.എസ്.റ്റി (എസ്.എസ്) തസ്തികയിൽ യഥാസമയം മാനേജർ നിയമനം നടത്തി. എന്നാൽ, 15-ാമത്തെ അധിക തസ്തികയിൽ മാനേജർ നിയമനം നടത്തിയിരുന്നില്ല ആയതിനാൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തരുതെന്ന് തസ്തിക നിർണ്ണയ ഉത്തരവിൽ നിർദ്ദേശം നൽകിയിരുന്നു. ഈ ഒഴിവിലേയ്ക്കാണ് ടിയാരിയുടെ ലാവണം ക്രമീകരിച്ചത്.*

രണ്ട്) മേല്പറഞ്ഞ തടസ്സവാദങ്ങൾ പരിശോധിക്കുമ്പോൾ, ശ്രീമതി.ഷീബ ഏലി ജേക്കബ് ഒരു ചട്ടം 4 3 അവകാശിയാണെന്ന വസ്തുത ശ്രദ്ധിച്ചു. 43 അവകാശിയ്ക്ക് മാനേജ്മെന്റിലുണ്ടാകുന്ന ഏതൊരു ഉയർന്ന തസ്തികയിലേയ്ക്കും മറ്റു സീനിയർ ക്ളെയിമെന്റ്സ് ഇല്ലെന്നു വരുകിൽ യോഗ്യതാനുസരണം പ്രൊമോഷൻ നിയമനത്തിന് അർഹതയുണ്ട്. അങ്ങനെയാണ് യു.പി.എസ്.ടി ആയി 21/06/2004 മുതൽ സേവനത്തിൽ തുടർന്നിരുന്ന ശ്രീമതി.ഷീബ ഏലി ജേക്കബിനെ കീഴില്ലം സെന്റ് തോമസ് എച്ച്.എസ് ലെ എച്ച്.എസ്.ടി (ഗണിതം) അധ്യാപിക ശ്രീമതി.അന്ന മാത്യു 31/03/2013 ൽ വിരമിച്ച ഒഴിവിലേയ്ക്ക് 03/06/2013 മുതൽ എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ മാനേജർ നിയമിച്ചത്. പ്രസ്തുത നിയമനത്തിന് കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകുകയും ചെയ്തു. പക്ഷെ, പിന്നീട്, പ്രസ്തുത അധ്യാപികയേക്കാൾ സീനിയർ ആയ എച്ച്എസ്.റ്റി (മാത്സ്) അദ്ധ്യാപകർ ക്ക് 2013-14 വർഷത്തിൽ തസ്തിക നഷ്ടപ്പെട്ടതു ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, ജൂണിയറായിരുന്ന ശ്രീമതി.ഷീബ ഏലി ജേക്കബിനെ എച്ച്.എസ്.റ്റി തസ്തികയിൽ നിന്നും യു.പി.എസ്.റ്റി ആയി റിവേർട്ട് ചെയ്യുകയും എച്ച്.എസ്.റ്റി തസ്തികയിൽ 03/06/13 മുതൽ 14/07/14 വരെ ടിയാരി വാങ്ങിയ ശമ്പളം തിരിച്ചടയ്ക്കുകയും ചെയ്തു. ഫലത്തിൽ 21/06/2004 മുതൽ 14/07/14 വരെയും ടിയാരി യു.പി.എസ്.റ്റി ആണ്. അതുകൊണ്ട്, 15/07/14 മുതൽ ലാവണം ക്രമീകരിക്കണമെന്ന് ആവശ്യപ്പെടുന്ന കൊട്ടാരക്കര എം.റ്റി.ജി.എച്ച്.എസ്-ലെ നിയമനം പുതുതായി പ്രൊമോഷൻ നല്കി നടത്തിയ നിയമനമായി മാത്രമേ കണക്കിലെടുക്കാനാകൂ. അതനുസരിച്ച്, ചട്ടം 43 അവകാശിയായ ശ്രീമതി.ഷീബ ഏലി ജേക്കബിനെ 15/07/14 മുതൽ കൊട്ടാരക്കര എം.റ്റി.ജി.എച്ച്.എസ്-ൽ പുതുതായി നടത്തിയ പ്രൊമോഷൻ നിയമനമായി പരിഗണിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചു.

മൂന്ന്) 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലെ തസ്തികനിർണ്ണയത്തെയും നിയമനാംഗീകാരത്തെയും നിയന്ത്രിയ്ക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ (പി) 29/2016/പൊ.വി.വ തീയതി 29/01/2016 ന്റെ ഖണ്ഡിക II ൽ നല്കപ്പെട്ട വിധമാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക II (3)ന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ, 2014-15 വർഷത്തിൽ നിയമനം നടത്താതിരുന്നതായ ഒരു അധിക തസ്തിക അനുവദിച്ച കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നടപടി തത്സമയം നിലനിന്നിരുന്ന ഉത്തരവുകളനുസരിച്ചല്ലെന്നു വ്യക്തമാകുന്നു. കാരണം, പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ പ്രതീക്ഷിത

അധികതസ്തികയിൽ "നിയമിക്കപ്പെട്ട" അദ്ധ്യാപകരെ അംഗീകരിച്ച നല്കുമ്പോൾ അവരെ നിലനിർത്തുന്നതിനു വേണ്ടി മാത്രമാണ് പ്രസ്തുത അധികതസ്തിക (പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയമെങ്കിൽ മാത്രം) അനുവദിക്കേണ്ടത്. പ്രതീക്ഷിത അധികതസ്തികയിൽ അദ്ധ്യാപകർ "നിയമിക്കപ്പെട്ടി"ട്ടില്ലെങ്കിൽ അധികതസ്തിക അനുവദിക്കേണ്ടതില്ല. ഇവിടെ, യാതൊരു അദ്ധ്യാപകനും "നിയമിക്കപ്പെട്ടി"ട്ടില്ലാത്ത സാഹചര്യം നിലനില്ക്കേ, ആയതു കണക്കിലെടുക്കാതെ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ ഒരു അധികതസ്തിക അനുവദിച്ചത് പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകളുടെ ലംഘനമാണ്. ഈ സാഹചര്യത്തിൽ, 2014-15 വർഷത്തിൽ 15-ാമത്തെ അധിക തസ്തിക അനുവദിച്ചത് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

നാല്) എന്നിരുന്നാലും, മാനേജരുടെയും ശ്രീമതി.ഷീബ ഏലി ജേക്കബിന്റെയും റിവിഷനുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ, 21/06/2004 മുതൽ നിയമനം ലഭിച്ച് 9 വർഷത്തോളം യു.പി.എസ്.ടി ആയിരുന്ന ശ്രീമതി.ഷീബ ഏലി ജേക്കബിനെ കീഴില്ലം സെന്റ് തോമസ് എച്ച്.എസ്. ൽ 03/06/2013 മുതൽ എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ ചട്ടം.43 അവകാശി എന്ന പരിഗണനയിൽ മാനേജർ പ്രൊമോട്ടു ചെയ്ത് നിയമിക്കുകയാണുണ്ടായത് എന്നും അതിന് കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകുകയുണ്ടായെന്നും കാണുന്നു. അതായത്, 03/06/2013 മുതൽ തന്നെ എച്ച്.എസ്.ടി തസ്തികയിൽ അംഗീകാരത്തോടെയും ശമ്പളാനുകൂല്യങ്ങളോടെയും ശ്രീമതി.ഷീബ ഏലി ജേക്കബ് തുടർന്നു വന്നു. പിന്നീട്, സീനിയർ അവകാശികളുടെ ക്ലെയിം ഉയർന്നു വന്നപ്പോഴാണ് പ്രസ്തുത എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ നിന്നും റിവേർട്ടു ചെയ്യപ്പെട്ട് യു.പി.എസ്.റ്റി ആയി മാറ്റിയത്. അതെത്തുടർന്ന്, എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ ജോലിയെടുത്തു കൈപ്പറ്റിയ അധികശമ്പളം തിരിച്ചടയ്ക്കുകയും ചെയ്തു. കൃത്യമായ സീനിയോറിറ്റി ലിസ്റ്റിന്റെ അഭാവത്തിൽ സീനിയർ അവകാശികളുടെ കാര്യം ഉറപ്പുവരുത്താതെ മാനേജർ നല്കിയ പ്രസ്തുത നിയമനവും അതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഓഫീസർ നല്കിയ അംഗീകാരവുമാണ് ഈ സ്ഥിതിഗതികൾക്കു കാരണമെന്നു കാണപ്പെടുന്നു. 15/07/14 മുതൽ 31/03/15 വരെ കീഴില്ലം സെന്റ് തോമസ് എച്ച്.എസ് ലെ എച്ച്.എസ്.ടി (ഗണിതം) ആയി ശ്രീമതി.ഷീബ ഏലി ജേക്കബ് "നിയമിക്കപ്പെട്ടി"രുന്നു എന്നതും 15/07/14 മുതൽ എച്ച്.എസ്.ടി തസ്തികയിൽ ശമ്പളാനുകൂല്യങ്ങളോടു കൂടി ജോലിയെടുത്തു വരുന്നു എന്നതും അതോടൊപ്പം പരിഗണിക്കപ്പെടേണ്ടതായ വസ്തുതയാണ്. ഇത്തരം സാഹചര്യങ്ങളിൽ, 15/07/14 മുതൽ 31/03/15 വരെ കീഴില്ലം സെന്റ് തോമസ് എച്ച്.എസ് ലെ എച്ച്.എസ്.ടി (ഗണിതം) തസ്തിക സീനിയറിനായി ഒഴിയേണ്ടിവന്ന കാലയളവ്, മാനേജ്മെന്റിന്റെ മറ്റൊരു സ്കൂളിൽ (കൊട്ടാരക്കര എം.റ്റി.ജി.എച്ച്.എസ്-ൽ) നിലനില്ക്കുന്നതായി റിപ്പോർട്ടു ചെയ്തിട്ടുള്ള എച്ച്.എസ്.ടി (ഗണിതം) ഒഴിവിലേയ്ക്ക് 15/07/14 മുതൽ 31/03/15 വരെ പുതുതായി പ്രൊമോഷൻ നിയമനം നടത്തിയതായി കണക്കിലെടുത്തുകൊണ്ട് ശ്രീമതി.ഷീബ ഏലി ജേക്കബ്-ന്റെ സേവനകാലം ക്രമവല്ക്കരിക്കുന്നത് ഉചിതമാകുമെന്നു ബോദ്ധ്യപ്പെടുന്നു. അങ്ങനെ ചെയ്യുമ്പോൾ, കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം. 4 3 അനുസരിച്ചുള്ള പ്രൊമോഷൻ നിയമനമാകയാൽ 15/07/14 മുതൽ കൊട്ടാരക്കര എം.റ്റി.ജി.എച്ച്.എസ്-ലേയ്ക്ക് പ്രത്യേകം നിയമന ഉത്തരവ് മാനേജർ നല്കേണ്ടതുണ്ട്.

5) മേൽ വിവരിച്ച സാഹചര്യങ്ങളിൽ, താഴെപ്പറയുന്ന വിധം മാർത്തോമ ഇ.എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത റിവിഷൻ തീർപ്പാക്കുന്നു.-

ഒന്ന്) മുകളിൽ പരാമർശിച്ചവിധം കൊട്ടാരക്കര എം.റ്റി.ജി.എച്ച്.എസ്-ലെ എച്ച്.എസ്.ടി (ഗണിതം) അധികതസ്തിക കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ സ.ഉ (പി) 29/2016/പൊ.വി.വ തീയതി 29/01/2016ലെ വ്യവസ്ഥകൾ പ്രകാരമല്ലാതെ അനുവദിച്ച നടപടി, ഇതൊരു കീഴ്വഴക്കം ആക്കരുതെന്ന വ്യവസ്ഥയിൽ, ഒരു പ്രാവശ്യത്തേക്കു മാപ്പാക്കുന്നു.

രണ്ട്) കീഴില്ലം സെന്റ് തോമസ് എച്ച്.എസ് ലെ എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ

ശ്രീമതി.ഷീബ ഏലി ജേക്കബ് 15/07/14 മുതൽ 31/03/15 വരെ ഡ്യൂട്ടി നിർവഹിച്ചിരുന്നതിനാലും ടിയാരി ചട്ടം 43 പ്രകാരമുള്ള അവകാശി ആയതിനാലും, ടിയാരിയെ കൊട്ടാരക്കര എം.റ്റി.ജി.എച്ച്.എസ്-ൽ തത്സമയം നിലവിലുണ്ടായിരുന്ന എച്ച്.എസ്.ടി (ഗണിതം) അധികതസ്തികയിൽ 15/07/14 മുതൽ 31/03/15 വരെ പ്രൊമോട്ടു ചെയ്തു നിയമിച്ചതായുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മാനേജറെ അനുവദിക്കുന്നു.

മൂന്ന്) കൊട്ടാരക്കര എം.റ്റി.ജി.എച്ച്.എസ്-ൽ ശ്രീമതി.ഷീബ ഏലി ജേക്കബ്-ന്റെ 15/07/14 മുതൽ 31/03/15 വരെയുള്ള എച്ച്.എസ്.ടി (ഗണിതം) നിയമനം, മാനേജറിൽ നിന്നും നിയമന ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക്, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നല്കുന്നതിന് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർക്കു നിർദ്ദേശം നല്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോതമംഗലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

മാനേജർ, മാർത്തോമ്മ ഇ.എ സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, എസ്.സി.എസ്. കാമ്പസ്, തിരുവല്ല, പത്തനംതിട്ട

ശ്രീമതി.ഷീബ ഏലി ജേക്കബ്, എച്ച്.എസ്.എ., സെന്റ്.തോമസ് ഹയർ സെക്കണ്ടറി സ്കൂൾ, കീഴില്ലം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 05-03-2022 15:55:00**
സെക്ഷൻ ഓഫീസർ